ഉത്തരം

(എ) 3087 പ്രതികളെ പിടികൂടിയിട്ടുണ്ട്. ഇനിയും 95 കേസുകളിലെ പ്രതികളെ പിടികൂടാനുണ്ട്.

(ബി) 2880 പ്രതികളെ പിടികൂടിയിട്ടുണ്ട്.

ക്രൈംബ്രാഞ്ചിന് കൈമാറിയ 152/09 നമ്പർ കേസ്

32 (314) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്രൈംബ്രാഞ്ചിന് കൈമാറിയ കരമന പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 152/09 കേസിന്റെ അന്വേഷണ പുരോഗതി എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത കേസ് അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറി തിരുവനന്തപുരം യൂണിറ്റിൽ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ഈ കേസിൽ കൊല്ലപ്പെട്ട പ്രസാദിന്റെ 'ഫോൺ കാൾ ഡീറ്റെയിൽസ്' എടുത്തും ടിയാനുമായി ബന്ധപ്പെട്ടവരെക്കുറിച്ച് അന്വേഷിച്ചും സാക്ഷികളെ കണ്ടുചോദിച്ചും അന്വേഷണം നടത്തി വരികയാണ്. നാളിതുവരെ ആരാണ് പ്രസാദിനെ കൊലപ്പെടുത്തിയതെന്നതിനെ കുറിച്ച് വ്യക്തമായ സൂചനയൊന്നും ലഭിച്ചിട്ടില്ല.

കേഷത്ര കവർച്ചകൾ

33 (315) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങളിൽ കവർച്ച നടന്നിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) നടന്ന ക്ഷേത്ര കവർച്ചകളിൽ എത്രയെണ്ണം തെളിയിക്കപ്പെട്ടിട്ടുണ്ട്;

(ഡി) ക്ഷേത്ര കവർച്ചകൾ തടയുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് സിറ്റിയിലെ ഒരു ക്ഷേത്രത്തിൽ ഒരു കവർച്ച നടന്നിട്ടുണ്ട്. നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം 224/08 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ടി കേസ് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സ്പെഷ്യൽ ടെമ്പിൾ ആന്റി തെഫ്റ്റ് സ്കാഡ് എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം ക്രൈം ബ്രാഞ്ചിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്ര മോഷണങ്ങൾ അന്വേഷിക്കുന്നതിനായി എ.ഡി.ജി.പി.(ക്രൈംസ്), ഐ.ജി.പി (ക്രൈംസ്) എന്നിവരുടെ നേതൃത്വത്തിലുള്ള Temple Theft Investigation Special Team-ഉം നിലവിൽ ഇത്തരം കേസുകൾ അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly